13.01.22

ED
29/01/2022..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


## ഹർജി നമ്പർ AP No.1243 (4)/ 2021/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.8116 /എസ്.ഐ.സി-ജി2/ 2021)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 13.01.2022

ശ്രീ. പി.ശശിധരൻ,
കളപ്പുരയ്ക്കൽ, ചൂട്ടിപ്പാറ,
പത്തനംതിട്ട. അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്
ജില്ലാ പോലീസ് ഓഫീസ്, പത്തനംതിട്ട.

എതിർകക്ഷികൾ

2. അപ്പലേറ്റ് അതോറിറ്റി,
ജില്ലാ പോലീസ് ഓഫീസ്, പത്തനംതിട്ട.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 15.04.2021 ന് ഒന്നാം ഏതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, തിരുവനന്തപുരം റെയ്ഞ്ച് ഡി ഐ ജി ക്കു നൽകിയ G3(b) 11397/2020 എന്ന പരാതിയുമായി ബന്ധപ്പെട്ട് നടത്തിയ മൊഴിയെടുപ്പ് സംബന്ധിച്ച മൂന്ന് വിവരങ്ങൾ ആവശ്യപ്പെട്ടത് ലഭിച്ചില്ലായെന്നതാണ് പരാതി.

2) ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 13.01.2022 ൽ പത്തനംതിട്ട കളക്ടറേറ്റിലെ ഓഡിയോ കോൺഫറൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു. താൻ ആവശ്യപ്പെട്ട വിവരങ്ങളിൽ റിപ്പോർട്ട് മാത്രമാണ് നൽകിയതെന്നും, മൊഴി പകർപ്പ് നൽകിയിട്ടില്ലെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു.

3) പരാതിയുമായി ബന്ധപ്പെട്ട മൊഴിയെടുത്തത് ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലാണെങ്കിലും, അത് ഡി.ഐ.ജി ക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു എന്നതുകൊണ്ട്, അവിടെനിന്നേ അതു നൽകാൻ കഴിയൂ എന്ന് ഒന്നാം എതിർകക്ഷി പറഞ്ഞു.

4) എന്നാൽ, താൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ തന്നെയാണ് ഉള്ളതെന്ന് അപ്പീൽ ഹർജിക്കാരൻ വാദിച്ചു.

5) ഇതു പരിശോധിച്ച് വിവരങ്ങൾ നൽകാൻ തയ്യാറാണെന്ന് ഒന്നാം എതിർകക്ഷി കമ്മീഷനോട് സമ്മതിച്ചു.

6) ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കമ്മീഷൻ താഴെപ്പറയും പ്രകാരം ഇന്നേ ദിവസം 2022 ജനുവരി 13 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി സമ്മതിച്ചതിൻ പ്രകാരം ടിയാൻ 2022 ഫെബ്രുവരി 10 നകം അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും, രേഖകളും പൂർണ്ണമായും സൗജന്യമായി ടിയാന് നൽകേണ്ടതാണ്.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va